# ത്രികാലജപം

കർത്താവിന്റെ മാലാഖ, പരിശുദ്ധ മറിയത്തോടു വചിച്ചു, പരിശുദ്ധാത്മാവിനാൽ മറിയം ഗർഭം ധരിച്ചു. 1 നന്മ.

ഇതാ കർത്താവിന്റെ ദാസി ! അങ്ങയുടെ വചനം പോലെ എന്നിൽ സംഭവിക്കട്ടെ. 1 നന്മ.

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. 1 നന്മ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ,

സർവേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

പ്രാർഥിക്കാം

സർവേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാര വാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്നു ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രീത്വസ്തുതി.